"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം-പാലക്കാട് ജില്ലയിൽ മുതലമട ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ജ്യോതി എൽ. സി. യുടെ മകളും ആശ്രിതയുമായ കുമാരി ദേവി ജെ. ആർ. ന് തിരുവനന്തപുരം ജില്ലയിൽ, തദ്ദേശ സ്വയംഭരണ വകുപ്പിൽ, ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(കൈ) നം.107/2025/LSGD തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. സ.ഉ. (പി) 12./99./ഉ.ഭ.പ.വ തീയതി 24./05/1999.
2. സ.ഉ. (കൈ) 5./2018./ഉ.ഭ.പ.വ തീയതി 21/02./2018.
3. സ.ഉ. (പി) 7/2018/ഉ.ഭ.പ.വ തീയതി 28//04./2018.
4. സ.ഉ. (പി) 12./2023//ഉ.ഭ.പ.വ തീയതി 14./07/2023.
5. കുമാരി ദേവി ജെ.ആർ. ന്റെ 10/10/2024ലെ അപേക്ഷ.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27/12/2024-LSGD/PD/42357/2024-DEF1 നം കത്ത്.
7. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03/05/2025 ലെ DCTVM/4699/2025-S6 നം കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കെ 16.6.2019-ൽ മരണമടഞ്ഞ ജ്യോതി എൽ. സി യുടെ മകളും ആശ്രിതയുമായ കുമാരി ദേവി ജെ. ആർ., സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധ രേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (5) പ്രകാരമുള്ള അപേക്ഷ, ടിയാൾക്ക് തിരുവനന്തപുരം ജില്ലയിൽ ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം (7) പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2) പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കെ 16.6.2019-ൽ മരണമടഞ്ഞ ജ്യോതി എൽ സി ക്ക് 21 വർഷവും 16 ദിവസവും സേവനകാലമുണ്ടായിരുന്നെന്നും, ടിയാളുടെ മകളും ആശ്രിതയും അപേക്ഷകയുമായ കുമാരി ദേവി ജെ. ആർ., ന് 18 വയസ്സുണ്ടെന്നും (ജനന തീയതി 30/09/2006), അപേക്ഷക എസ്.എസ്.എൽ.സി പാസ്സായിട്ടുണ്ടെന്നും, ടിയാളുടെ കുടുംബ വരുമാനം 5,84,800/- രൂപയാണെന്നും പരേതയായ

സർക്കാർ ജീവനക്കാരിയുടെ ആശ്രിതർക്കാർക്കും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും, ടിയാളുടെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കുമാരി ദേവി ജെ. ആർ., ന് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, ടിയാൾ പരാമർശം (2) ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടെന്നും പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കുമാരി ദേവി ജെ. ആർ., നെ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടേയും, തിരുവനന്തപുരം ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ പാലക്കാട് ജില്ലയിൽ മുതലമട ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കെ 16.6.2019-ൽ മരണമടഞ്ഞ ജ്യോതി എൽ.സിയുടെ മകളും ആശ്രിതയും അപേക്ഷകയുമായ **കുമാരി ദേവി ജെ. ആർ. ,അയണിവിളാകം, കൈതക്കാട്, ഇരിഞ്ചയം പി ഒ., നെടുമങ്ങാട്, തിരുവനന്തപുരം പിൻ-695561-ന്** ആശ്രിത നിയമന പദ്ധതി വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ചുവടെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷക നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.
2. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.
3. സാധുവായ അപേക്ഷാ തീയതിയെ അടിസ്ഥാനമാക്കി അപേക്ഷകയുടെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.
4. ടിയാളുടെ സേവനം ക്രമികരിക്കുന്നതിന് മുമ്പ് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. മരണമടഞ്ഞ സർക്കാർ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
6. ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (3),(4) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.
7. അപേക്ഷക സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്താണ് ആശ്രിതനിയമനം കരസ്ഥമാക്കിയതെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ലഭിച്ച ആശ്രിത നിയമനം

സർക്കാർ റദ്ദ് ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. കുമാരി ദേവി ജെ. ആർ., D/o ജ്യോതി എൽ.സി. (Late), അയണിവിളാകം, കൈതക്കാട്, ഇരിഞ്ചയം പി ഒ , നെടുമങ്ങാട്, തിരുവനന്തപുരം പിൻ-695561. ***(രജിസ്റ്റേർഡ് തപാൽ മുഖാന്തിരം).***
2.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം *(അപേക്ഷയും അനുബന്ധങ്ങളും സഹിതം)*
*3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്, കേരള, തിരുവനന്തപുരം/ തൃശ്ശൂർ*
*4.* ജില്ലാ കളക്ടർ, തിരുവനന്തപുരം
5. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, പാലക്കാട്.
6. സെക്രട്ടറി, മുതലമട ഗ്രാമപഞ്ചായത്ത്, മുതലമട പി ഒ , പാലക്കാട്
7. വിവര പൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (ഇപിബി1/6/2025-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 27-06-2025 10:34:00

സെക്ഷൻ ഓഫീസർ